# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

## പ്രവചന കാലയളവ് 26.10.2024 മുതൽ 30.10.2024 വരെ

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 43/2024 (86) വെള്ളിയാഴ്ച | തീയ്യതി 25/10/2024 |
|---|---|

| 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം : | | | | | |
|---|---|---|---|---|---|
| **കാലാവസ്ഥാ ഘടകങ്ങൾ** | **26.10.2024** | **27.10.2024** | **28.10.2024** | **29.10.2024** | **30.10.2024** |
| മഴ (മില്ലി മീറ്റർ) | 10 | 2 | 0.2 | 0.2 | 0.1 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 74 | 74 | 74 | 72 | 72 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 2 | 2 | 2 | 2 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 230 | 270 | 270 | 270 | 320 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 6 | 5 | 4 | 5 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ: കാലവർഷം ആരംഭിച്ചതിനാൽ കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. മണ്ണ് പരിശോധന നടത്തി മണ്ണിൽ അമ്ലത്വം കൂടുതൽ കാണപ്പെടുകയാണെങ്കിൽ ആവശ്യത്തിന് കുമ്മായം ചേർത്തുകൊടുക്കുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ കൂടുതൽ ബലപ്പെടുത്തുക.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല്(മുണ്ടകൻ) ഞാറുപരുവം | കുഴൽപ്പുഴു | വെള്ളം വാർത്തു കളഞ്ഞു ഒരു ഏക്കറിന് 25 കി.ഗ്രാം. അറക്കപ്പൊടിയിലോ ഉമിയിലോ ഒരു ലിറ്റർ മണ്ണെണ്ണ ചേർത്തു പാടത്തു വിതറുക. |
| ജാതി | അസാധാരണ ഇലപൊഴിച്ചിൽ | ഒരുശതമാനം ബോർഡോമിശ്രിതം വിളകളിൽ തളിച്ച്കൊടുക്കുകയും കോപ്പർ ഹൈഡ്രോക്സൈഡ് കടക്കുചുറ്റം മണ്ണിൽ ഒഴിച്ച്കൊടുക്കുകയും ചെയ്യുക. അല്ലെങ്കിൽ ഒരു ശതമാനം ബോർഡോമിശ്രിതം വിളകളിൽ തളിച്ച്കൊടുക്കുകയും ട്രൈക്കോഡെർമ്മ ചുവട്ടിൽ ഇട്ടുകൊടുക്കുകയും ചെയ്യുക. |
| വിവിധവിളകളിൽ | വലിയആഫ്രിക്കൻ ഒച്ച് | വീര്യംകുറഞ്ഞ തുരിശ് ലായനി (3 ഗ്രാം/ ലി.) / കോപ്പർ ഓക്സിക്ലോറൈഡ് (3 ഗ്രാം/ ലി.)/ പുകയിലകഷായവും തുരിശും ചേർന്ന മിശ്രിതം തളിച്ച്കൊടുക്കാം. വിളകൾക്ക്ചു ചുറ്റുംകുറഞ്ഞഎണ്ണംഒച്ചുകൾ മാത്രമേഉള്ളൂഎങ്കിൽ ബ്ലീച്ചിങ്പൌഡർ / തുരിശ്കടക്കുചുറ്റുംഇട്ടുകൊടുക്കാം. പപ്പായഇലകൾ / കാബ്ബജ്ഇലകൾ എന്നിവനനഞ്ഞചണച്ചാക്കുകൊണ്ട്മൂടി(കെണി)ഒച്ചുകളെആകർഷിച്ചുപിറ്റേന്ന്രാവിലെഉപ്പുവെള്ളംഉപയോഗിച്ച്കെണിയിലായഒച്ചുകളെനശിപ്പിക്കാവുന്നതാണ്.മരങ്ങളുടെകടഭാഗത്തെകേടായതൊലിനീക്കിയശേഷംകാർബോസള്ഫാൻ 0.25 % / 10 % ബോർഡോകുഴമ്പ്തേച്ചുകൊടുക്കാവുന്നതാണ്. |
| വിവിധ വിളകളിൽ | ശലഭപ്പുഴുക്കൾ | വേപ്പിൻകുരുസത്ത് 5% [നന്നായിപൊടിച്ചവേപ്പിൻകുരു 50 ഗ്രാം കിഴികെട്ടി ഒരുലിറ്റർ വെള്ളത്തിൽ മുക്കി 12 മണിക്കൂർവെക്കുക, ശേഷം കിഴി നന്നായി പലതവണ പിഴിഞ്ഞ്, പുറത്തു വരുന്ന വെള്ളം ക്ലിയർ ആകുന്നവരെ പിഴിഞ്ഞെടുത്തത്] തളിച്ച്കൊടുക്കാം;ബിവേറിയബസിയാന 20 ഗ്രാംഒരുലിറ്റർവെള്ളത്തിൽകലക്കിതളിക്കാം; ക്ലോറാൻട്രാലിനിപ്പോൾ 18.5 SC മൂന്നമില്ലി. പത്തുലിറ്റർവെള്ളത്തിൽ കലക്കിതളിക്കാം. |

മൃഗസംരക്ഷണം-: എലിപ്പനിക്കും ബാഹ്യപരാദങ്ങൾക്കും എതിരെ ജാഗ്രത പുലർത്തുക. കാലിത്തീറ്റയിൽ പൂപ്പൽ വിഷബാധ ഏൽക്കാതിരിക്കാൻ ശ്രദ്ധിക്കുക. ചാണക പരിശോധന നടത്തി വിദഗ്ധോപദേശ പ്രകാരം വിര മരുന്ന് നൽകുക. (CAADECCS KVASU, Mannuthy)